ബഹുമാനപ്പെട്ട അംഗം ഇവിടെ ആവശ്യപ്പെട്ട ബസുകൾ ഓടുന്നുണ്ട്. ഓടുന്നില്ല എന്നു പറയാൻ പറ്റില്ല. പൊന്നാനി ഡിപ്പോയിൽ നിന്നും കോഴിക്കോട് ഡിപ്പോയിൽ നിന്നുമായി ബസുകൾ ഓടുന്നുണ്ട്. ഇതുവരെയായി കെ.എസ്.ആർ.ടി.സി. ബസുകൾ ആ വഴിക്ക് ഓടിയിരുന്നില്ല. കോഴിക്കോട് ഡിപ്പോയിൽ നിന്നും പൊന്നാനി ഡിപ്പോയിൽ നിന്നും ഗുരുവായൂർ ഡിപ്പോയിൽ നിന്നും മറ്റു വഴിക്ക് പോകുന്ന ബസുകൾ കുറ്റിപ്പുറം, തിരൂർ, താനൂർ, പരപ്പനങ്ങാടി വഴി പോകാനാണ് തീരുമാനിച്ചത്. അങ്ങനെ ഓടിക്കൊണ്ടിരിക്കുകയാണ്. അതിനു പുറമേ ഇവിടെ പറഞ്ഞിരിക്കുന്ന നേരത്തെ ഓടിയ ബസുകൾ എന്ത് കാരണത്താൽ ഓടിക്കുന്നില്ല എന്നു ഞാൻ പരിശോധിക്കാം.

(19) ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിൽ നിന്ന് എറണാകുളം തൃശ്ശൂർ ജില്ലകൾക്ക് ജലസേചനത്തിനും കുടിവെള്ളത്തിനും വെള്ളം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. ജെ. ജോയി : സർ, ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിൽ നിന്നും ചാലക്കുടി, കൊടകര, ഇരിങ്ങാലക്കുട, മാള നിയോജകമണ്ഡലങ്ങളിലും എറണാകുളം ജില്ലയിലെ അങ്കമാലി-വടക്കേകര നിയോജകമണ്ഡലങ്ങളിലും ജലസേചനത്തിനും കുടിവെള്ളത്തിനും വെള്ളം ലഭ്യമാക്കാത്ത സാഹചര്യമാണ് ഇന്നുള്ളത്. പെരിങ്ങൽകൂത്ത് ഹെഡ്രോ ഇലക്ട്രിക് പ്രോജക്ടിലെ ടർബൈനുകൾ പ്രവർത്തിപ്പിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തിയിരിക്കുകയാണ്. ടർബൈനുകൾ പ്രവർത്തിപ്പിച്ചാൽ മാത്രമേ വെള്ളം ലഭ്യമാകൂ എന്നുള്ള നിലയ്ക്ക് ഈ ടർബൈനുകളുടെ പ്രവർത്തനം സുഗമമാക്കാൻ കഴിയണം. അതുതന്നെയുമല്ല, തമിഴ്നാട്ടിലെ അപ്പർ ഷോളയാറിൽ നിന്നും അന്തർസംസ്ഥാന നദീജലകരാർ പ്രകാരം ലഭ്യമാക്കേണ്ട വെള്ളവും ലഭിക്കുന്നില്ല എന്നുള്ള പരാതി നിലനിൽക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കം ഇടപെട്ട് അതിനൊരു പരിഹാരമുണ്ടാക്കണം ഇപ്പോഴുള്ള വെള്ളം ടർബൈയിനുകൾ പ്രവർത്തിപ്പിച്ചോ. അതുമല്ലെങ്കിൽ നേരിട്ട് വെള്ളം തുറന്നു വിട്ടുകൊണ്ടോ ചാലക്കുടി ഇറിഗേഷൻ പ്രോജക്ടിന്റെ കനാലുകളിലൂടെ വെള്ളം ഒഴുക്കിവിട്ടില്ലെങ്കിൽ ഞാൻ നേരത്തെ പറഞ്ഞ തൃശ്ശൂർ, എറണാകുളം ജില്ലകളിലെ വിവിധ നിയോജകമണ്ഡലങ്ങളെ വളരെ ഗുരുതരമായി ബാധിക്കും. അത് കുടിവെള്ളത്തേയും ജലസേചനത്തേയും ബാധിക്കുമെന്നുള്ളതുകൊണ്ട് അടിയന്തിരമായി വെള്ളം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. കെ.എസ്.ഇ.ബി. ടർബൈനുകൾ പ്രവർത്തിപ്പിക്കുന്നതിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണം എടുത്തുകളയാൻ ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, പെരിങ്ങൽകൂത്ത് റിസർവോയറിൽ ലഭ്യമാകുന്ന ജലം മുഴുവൻ പെരിങ്ങൽകൂത്ത് പവർ ഹൗസിൽ ഉപയോഗിച്ച് ചാലക്കുടിപ്പുഴയിലേക്ക് ഒഴുക്കി വിടുകയാണ് ചെയ്യുന്നത്. പെരിങ്ങൽകൂത്ത് റിസർവോയറിലെ ജലലഭ്യത എന്നു പറയുന്നത് കേരളാതിർത്തിയിലെ ഷോളയാർ റിസർവോയറിലേക്ക് തമിഴ്നാട് അതിർത്തിക്കുള്ളിലെ അപ്പർ ഷോളയാർ റിസർവോയറിൽ നിന്നും ജലം തമിഴ്നാട് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ടാണ് ഇരിക്കുന്നത്. ഒരു വർഷം

LIBRARY ARCHIVES Kerala Legislative Assembly

12.3 ടി.എം.സി. ജലമാണ് തമിഴ്നാട് നൽകേണ്ടത്. ഇപ്രകാരം ജലം ലഭ്യമായാൽ ശാസ്ത്രീയമായ ഒരു ജനറേഷൻ പ്ലാന്റിന്റെ അടിസ്ഥാനത്തിൽ 390 ക്യൂബിക് സി.സി. നിരക്കിൽ ചാലക്കുടി പുഴയിലേക്ക് ജലം ഒഴുക്കി വിടാൻ സാധിക്കും. എന്നാൽ വൃഷ്ടിപ്രദേശങ്ങളിലെ മഴക്കുറവ് മൂലമോ മറ്റ് കാരണങ്ങളാലോ തമിഴ്നാട്ടിൽ നിന്നും ലഭിക്കാനുള്ള ജലത്തിൽ ഏറ്റക്കുറച്ചിൽ ഉണ്ടായാൽ ഈ നിരക്കിലും മാറ്റം ആവശ്യമാണ്. ഇപ്പോൾ ഷോളയാർ റിസർവോയറിലെ സ്റ്റോറേജ് ആകെ സംഭരണശേഷിയുടെ 63 ശതമാനം മാത്രമാണ്. ഇത്രയും സ്റ്റോറേജ് ഉപയോഗിച്ച് ജൂൺ ഒന്നുവരെയുള്ള ഉല്പാദനം ക്രമീകരിക്കും. 357 ക്യൂബിക് സി.സി. നിരക്കിലുള്ള ജലമേ ചാലക്കുടി പുഴയിലേക്ക് ഒഴുക്കി വിടാൻ സാധിക്കുകയുള്ളൂ. എന്നാൽ എറണാകുളം-തൃശ്ശൂർ ജില്ലകളിലെ കർഷകരുടേയും ജനങ്ങളുടേയും ആവശ്യം പരിഗണിച്ച് പെരിങ്ങൽകുത്തിലെ ഉല്പാദനം വർദ്ധിപ്പിച്ച് 517 ക്യൂബിക് സി.സി. നിരക്കിൽ ജലം നൽകുന്നുണ്ട്. ഇതിനായി പകൽസമയം രണ്ട് ജനറേറ്ററുകളും വൈകുന്നേരത്തെ പീക്ക് സമയത്ത് നാലു ജനറേറ്ററുകളും പ്രവർത്തിക്കുന്നുണ്ട്. ഷോളയാർ റിസർവോയറിന്റെ സ്റ്റോറേജിന്റെ അടിസ്ഥാനത്തിലാണ് പെരിങ്ങൽകുത്തിലെ ഉല്പാദനം നിയന്ത്രിച്ചു വരുന്നത്. തമിഴ്നാടുമായുള്ള കരാർ പ്രകാരം എല്ലാ വർഷവും സെപ്റ്റംബർ ഒന്നിനും ഫെബ്രുവരി ഒന്നിനും റിസർവോയർ നിറച്ച് നൽകേണ്ടതാണ്. എന്നാൽ ഈ ഫെബ്രുവരി ഒന്നിന് 76.9 ശതമാനം ജലം മാത്രമേ ഷോളയാറിൽ ലഭ്യമായിട്ടുള്ളൂ. ഈ വർഷം മേയ് 31-നകം ബാക്കി ജലം അതായത് 1.465 ടി.എം.സി. ജലം കൂടി തമിഴ്നാട് നൽകണം. ഈ ജലം ലഭ്യമായാൽ 398 വീതം ക്യൂബിക് സിസി ജലം ചാലക്കുടി പുഴയിലേക്ക് ഒഴുക്കാനാകും. കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഇതേ രൂപത്തിലുള്ള പ്രശ്നം ഇവിടെ ഉയർന്നു വന്ന അവസരത്തിൽ ഗവൺമെന്റ് തലത്തിൽ ഇടപെട്ട് തമിഴ്നാടുമായി ചർച്ച ചെയ്ത് ഒരു നിലപാട് സ്വീകരിക്കാൻ കഴിഞ്ഞിരുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനും ഈ കാര്യത്തിൽ കർഷകരുടേയും ജനങ്ങളുടേയും ആവശ്യം പരിഗണിച്ച് എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

V മേശപ്പുറത്ത് വച്ച കടലാസ്

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കാര്യവിവര പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ് ഞാൻ മേശപ്പുറത്ത് വെയ്ക്കുന്നു.

VI റിപ്പോർട്ടുസമർപ്പണം

(1) കാര്യോപദേശക സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, കാര്യോപദേശക സമിതിയുടെ സമിതിയംഗവും സഭാനേതാവുമായ ഞാൻ സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly